# ഇപ്സ ജെയിനുമായ് ഒരു സംഭാഷണം



ഇപ്പോൾ സയൻസ് മേഖലയിലെ തൊഴിലുകൾ പരമ്പരാഗത അധ്യാപന രംഗത്തു മാത്രം പരിമിതപ്പെടുന്നില്ല. ഈ സ്വാഗതാർഹമായ മാറ്റത്തിന്റെ പ്രധാന കാരണം പുതിയ പാതകളിലൂടെ സഞ്ചരിക്കാൻ ഒരു കൂട്ടം സയൻസ് പ്രൊഫഷണലുകൾ എടുത്ത തീരുമാനം ആണ്. അത്തരത്തിലുള്ള ഒരു പുതിയ തൊഴിൽ മേഖലയായ സയൻസ് ചിത്രീകരണത്തിനു ഇന്ത്യയിൽ പ്രത്യക്ഷത വർദ്ധിപ്പിക്കുന്നതിനു ഇപ്സ ജെയിൻ പ്രത്യേക പങ്കുവഹിച്ചു.

ഈ അഭിമുഖത്തിൽ ഈ കരിയർ തിരഞ്ഞെടുക്കാൻ ഇപ്സയെ പ്രേരിപ്പിച്ചതെന്താണ്, ഈ
ജോലിയുടെ പ്രേത്യേകതകൾ എന്തൊക്കെയാണ്, ഈ മേഖലയെക്കുറിച്ചു നിലനിൽക്കുന്നു ചില തെറ്റിദ്ധാരണകൾ എന്നിവയെ പറ്റി ഇപ്സ സംസാരിക്കുന്നു

**1. സയൻസ് ചിത്രീകരണം ഒരു കരിയറായി എടുക്കാൻ എപ്പോഴാണ് തീരുമാനിച്ചത്?**

എന്റെ പി. എച്ച്.ഡി.ലാബ് ജീവിതത്തിന്റെ അവസാന കാല ഘട്ടത്തിൽ. ലാബ് ബെഞ്ചിൽ ഇരിക്കാൻ ഇനിമേൽ ഞാൻ ആഗ്രഹിക്കുന്നില്ലെന്ന് എനിക്ക് ഉറപ്പായിരുന്നു. താമസിയാതെ, ഞാൻ പ്രകൃതിചരിത്രത്തിൽ പ്രചോദനം ഉൾക്കൊണ്ട് ചിത്രങ്ങൾ വരയ്ക്കാൻ തുടങ്ങി. താമസിയാതെ ആ പര്യവേഷണം അർത്ഥവത്തായ ഒരു കരിയറായി മാറി. പ്രതിഫലനത്തിൽ കൂടി ഇപ്പോൾ ഇതെല്ലാം എനിക്ക് അർത്ഥവത്താകുന്നു!

**2. ഒരു സയൻസ് ഇല്ലസ്ട്രേറ്ററുടെ ജീവിതത്തിലെ ഒരു സാധാരണ ദിവസം എങ്ങനെയിരിക്കും?**

ഞാൻ എന്റെ പ്രക്രിയ വിശദീകരിക്കും. ഒരേ സമയം എത്ര പ്രോജക്ടുകൾ നടക്കുന്നു എന്നതിനെ ആശ്രയിച്ച് എന്റെ ദിവസം ഇവയുടെ മിശ്രിതമാണ്.

ഒരു ഫ്രീലാൻസർ എന്ന നിലയിൽ ജോലികൾക്കായി ഉപഭോക്താവ് അല്ലെങ്കിൽ സഹകാരി ആരാണ് എന്നത് അടിസ്ഥാനമാക്കി ദിവസങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്. ഒരു പ്രോജക്റ്റ് ചർച്ച ചെയ്യുന്നതിന് ഉപഭോക്താവ് അല്ലെങ്കിൽ സഹകാരിയുമായ് നേരിട്ടുള്ള അല്ലെങ്കിൽ ഓൺലൈൻ മീറ്റിംഗുകൾ വരെ ഇത് ഉൾപ്പെടാം. ഇതിനു ശേഷം പ്രോജക്ടിനായുള്ള ഗവേഷണമാണ്. ഇതിൽ ശാസ്ത്ര ഗവേഷണവും ദൃശ്യ മേഖലയിലെ ഗവേഷണവും ഉൾക്കൊള്ളും. തുടർന്ന് പ്രോജക്ടിന്റെ ആദ്യ ഡ്രാഫ്റ്റ് തയ്യാറാക്കി ഉപഭോക്താവ് അല്ലെങ്കിൽ സഹകാരിയുമായി പങ്കിടുന്നു. ഈ പ്രക്രിയ കൂടുതൽ സമയം എടുക്കുന്നതാണ്. പ്രോജക്റ്റിന്റെ വലുപ്പത്തെയോ ആശയത്തിന്റെ സങ്കീർണ്ണതയെയോ ആശ്രയിച്ച് ഇതിന് രണ്ടു ദിവസം മുതൽ രണ്ടു ആഴ്ച വരെ എടുക്കാം. ഇതിനു ശേഷം

ഉപഭോക്താവ് പ്രതികരണം പങ്കിടുകയും ഈ മാറ്റങ്ങൾ പ്രതിഫലിപ്പിക്കുന്നതിനായി പ്രൊജക്റ്റ് ഡ്രാഫ്റ്റ് പരിഷ്ക്കരിക്കുകയും ചെയ്യുന്നു.

അതിനു ശേഷം ഒരു പ്രാഥമിക ഡ്രാഫ്റ്റ് നടപ്പിലാക്കുകയും അത് ഒരു അന്തിമ ഘട്ടത്തിലേക്ക് മിനുക്കി എടുക്കുകയും ചെയ്യുന്നു. ഈ പ്രക്രിയയ്ക്ക് ഒരു ദിവസം മുതൽ ഒരാഴ്ച വരെ എടുക്കാം. മിക്കപ്പോഴും ഈ ഘട്ടത്തിൽ ഉപഭോക്താവ് അല്ലെങ്കിൽ സഹകാരികൾ മാറ്റങ്ങൾ ശുപാർശ ചെയ്യാറുണ്ട്. അതിനാൽ ചില ചിത്രീകരണങ്ങൾ ആവർത്തിക്കേണ്ടിവരും. അതിനു ശേഷം ഉപഭോക്താവിന് ഇൻവോയ്സ് അയച്ച് അവർ പണം അടക്കുന്നു.

എന്റെ ജോലിയിൽ (കോവിഡ് -19 മുൻപുള്ള കാലഘട്ടത്തിൽ) വർക്ക് ഷോപ്പുകൾക്കും എക്സിബിഷനുകൾക്കുമായുള്ള യാത്രകളും ഉണ്ടായിരുന്നു. ഒരു ദിവസത്തിൽ ധാരാളം ഇമെയിലുകൾ / കോളുകൾക്ക് മറുപടി നൽകുക അതേ പോലെ സോഷ്യൽ മീഡിയ സാന്നിധ്യം അറിയിക്കുക എന്നിവയും ഉൾപ്പെടുന്നു. സമയം ലഭിക്കുകയാണെങ്കിൽ ഞാൻ വ്യക്തിപരമായ കുറച്ചു ചിത്ര വരയും ചെയ്യുന്നു, അത് ശാസ്ത്ര കഥകളാകാം അല്ലെങ്കിൽ മറ്റെന്തെങ്കിലും പ്രമേയമങ്ങളും ആകാം.

**3. രാജ്യത്തുടനീളമുള്ള നിരവധി സ്ഥാപനങ്ങളിൽ സയൻസ് ഇല്ലസ്ട്രേഷൻ വർക്ക് ഷോപ്പുകൾ നടത്തിയിട്ടുള്ള അനുഭവത്തിൽ നിന്നും ലഭിച്ച പ്രധാന അറിവുകൾ എന്തെല്ലാമാണ്?**

ഞാൻ കാണുന്ന നിരവധി തെറ്റിദ്ധാരണകൾ ഉണ്ട്. അത് ഇവിടെ പട്ടികപ്പെടുത്തുന്നു:

ഒന്ന്, ശാസ്ത്രചിത്രീകരണം എന്നത് ശാസ്ത്ര പ്രസിദ്ധീകരണങ്ങളിൽ നമ്മൾ കാണുന്ന മോഡലുകളും സ്ക്കിമാറ്റിക്ക്ളും മാത്രമാണ് എന്ന ധാരണയാണ്. മറ്റൊന്ന്, സോഫ്റ്റ്‌വെയറുകൾ

ഉപയോഗിക്കുന്നത് ഈ പ്രശ്നത്തിനുള്ള ഉത്തരമായി വരുന്നു എന്നതാണ്.

ഇവ രണ്ടും ശാസ്ത്രചിത്രീകരണങ്ങളെ കുറിച്ചും അവയുടെ കർത്തവ്യത്തെ കുറിച്ചും എല്ലാവരിലും
നിലനില്ക്കുന്ന പരിമിതമായ ധാരണകളെ എടുത്തു കാണിക്കുന്നു.

എന്റെ സെഷനുകളിൽ പങ്കെടുക്കുന്ന ഭൂരിഭാഗം ആളുകളും തുറന്ന മനസോടു കൂടിയാണ് വരുന്നത്, കൂടാതെ ശാസ്ത്ര-ചിത്രീകരണം എന്തായിരിക്കാമെന്നും എന്തായിരിക്കണമെന്നും ഉള്ള ഒരു വിശാലമായ ധാരണ ഈ വർക്ഷോപ്പുകൾ വഴി അവർക്ക് ലഭിക്കുന്നു.

പഠന നൈപുണ്യത്തേക്കാൾ കൂടുതൽ ഒരാൾ എന്തു ചെയ്യാൻ ആഗ്രഹിക്കുന്നു, അതിനു വേണ്ടി എന്തൊക്കെ ചെയ്യേണ്ടതുണ്ട്, അത് ആർക്ക് വേണ്ടി ആണ് ചെയ്യുന്നത് എന്നി കാര്യങ്ങൾ
മനസിലാക്കുന്നത് പ്രധാനമാണ്. എന്റെ സെസ്സെഷനുകളിലെ പഠന പ്രക്രിയയിൽ ഈ കഴിവുകൾ കൂടി നൽകുക എന്ന ലക്ഷ്യം വെക്കുന്നു.

ഞാൻ പലരിലും കാണുന്ന മറ്റൊരു  പ്രധാന തെറ്റിദ്ധാരണ വിവരങ്ങളുടെ അമിത ഭാരവും ചിത്രങ്ങൾ പരിപൂർണം ആയിരിക്കണം എന്ന നിഷ്ഠയുമാണ്. എന്റെ സെഷനുകളിൽ ഈ തെറ്റിദ്ധാരണയെ വെല്ലുവിളിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റവും രസകരമാണ്. വ്യക്തതയും വിശദാംശങ്ങളും ഒരു സന്തുലിതാവസ്ഥയിൽ എത്തിക്കാൻ ഈ
പ്രവർത്തനങ്ങളിൽ പങ്കാളികൾ യത്നിക്കുന്നു.സയൻസ് ചിത്രീകരണത്തിന്റെ ശ്രദ്ധാപൂർവ്വവും മനപൂർവവുമായ തിരഞ്ഞെടുപ്പുകളിൽ ഇത് പ്രധാനമാണ്.

**4. സയൻസ് ഇല്ലസ്ട്രേറ്റർമാർക്കായി എന്തെങ്കിലും ഉപദേശങ്ങൾ ഉണ്ടോ?**

എനിക്ക് നൽകാനുള്ള ഉപദേശം ഇതാണ്
നിങ്ങളുടെ താല്പര്യത്തേയും തിരഞ്ഞെടുക്കുന്ന മാധ്യമത്തിന്റെ വിശാലതേയും കാണിക്കുന്ന കുറഞ്ഞത് ഇരുപതു ഡ്രോയിംഗുകളുടെ ഒരു പോർട്ട്ഫോളിയോ നിർമ്മിക്കുക. സ്റ്റോറികളെയും ഡ്രോയിംഗുകളെയും കുറിച്ചുള്ള ഗവേഷണത്തിന് സമയം ചെലവഴിക്കുക, ധാരാളം ശ്രമിച്ച് ശ്രദ്ധാപൂർവ്വം തിരഞ്ഞെടുക്കുക. നിങ്ങളുടേതായ ഒരു ശൈലി കണ്ടെത്താൻ ശ്രമിക്കുക.

നിങ്ങളുടെ പരിശീലനം വികസിപ്പിക്കുന്നതിന് ഓൺലൈനിൽ ലഭ്യമായ ചിത്രങ്ങൾ ആവർത്തിക്കുക (പകർപ്പവകാശം എടുക്കുകയോ അല്ലെങ്കിൽ അത്തരം തനിപ്പകർപ്പുകൾ വിൽക്കുകയോ ചെയ്യരുത്. യഥാർത്ഥ സൃഷ്ടിയുടെ ശരിയായ പരാമർശത്തോട് കൂടി
മാത്രം അവ ഓൺലൈനിൽ പങ്കിടുക)

ഡിജിറ്റൽ ടൂൾസ് അറിയേണ്ടത് അത്യാവശ്യമല്ല.തുടക്കത്തിലെങ്കിലും കൈ കൈ കൊണ്ട് വരക്കുന്നത് വിലപ്പെട്ടതാണ്. ഇത് വഴി ഒരു ഇമേജ് എങ്ങനെ സങ്കൽപ്പിക്കാമെന്ന് നിങ്ങൾ പഠിക്കുന്നു.

പ്രതികരണങ്ങൾ നേടുന്നതിനും സാധ്യതയുള്ള ഉപഭോക്താക്കൾക്ക് ദൃശ്യമാകുന്നതിനും നിങ്ങളുടെ സൃഷ്ടികൾ ഓൺലൈനിൽ പങ്കിടുക.

[ഇപ്സ ജെയിനുമായുള്ള ഈ അഭിമുഖം നടത്തിയത് അനുശീല ചാറ്റർജിയാണ്.]

Translation: Anu Joy